CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സ്ഥാപക യോഗി

## (പാലയ്ക്കൽ തോമ്മാമല്പാൻ)




**വർഗീസ് കാഞ്ഞിരത്തുങ്കൽ**

പ്രസാധകർ

**പ്രകാശം പബ്ളിക്കേഷൻസ്**
**ആലപ്പുഴ – 688001**

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

# സ്ഥാപക യോഗി

## (പാലയ്ക്കൽ തോമ്മാമല്പാൻ)

വറുഗീസ് കാഞ്ഞിരത്തുങ്കൽ

DHARMARAM COLLEGE LIBRARY BANGALORE

പ്രസാധകർ
പ്രകാശം പബ്ലിക്കേഷൻസ്
ആലപ്പുഴ—688001

DHARMARAM COLLEGE LIBRARY
Ac. No 46614
Call No ~~L61 K13~~
K91/K13

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Malayalam

**Sthapaka Yogi**

By

VARGHESE KANJIRATHUMKAL

First Published : April 1981

No. of Copies Printed 1000

Price Rs. 4.00

Cover-Abjo

Printed at : Pressman
Nagampadam, Kottayam

Published by:
Prakasam Publications
Alleppey-688001

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആമുഖം

പാലയ്ക്കൽ മല്പാനച്ചന്റെ ജീവചരിത്രരചന പൂർത്തിയാക്കി പ്രസ്സിലേയ്ക്കു കൊടുക്കുമ്പോൾ അനല്പമായ ചാരിതാർത്ഥ്യമാണ് എനിക്ക് അനുഭവപ്പെടുന്നത്. സി.എം.ഐ. സഭയുടെ നൂററിയൻപതാം പിറന്നാളിനു മുൻപ് പ്രസിദ്ധീകരിക്കാൻ പാകത്തിൽ സ്ഥാപകപിതാക്കന്മാരുടെ ജീവചരിത്രങ്ങൾ തയ്യാറാക്കണമെന്ന്, പ്രകാശം പബ്ലിക്കേഷൻസ് ഡയറക്ടർ ബ. ഹോർമ്മീസച്ചൻ എന്നോടാവശ്യപ്പെട്ടിരുന്നു. അതനുസരിച്ച്, ആദ്യം 'കേരളദീപം' പുറത്തായി. പിന്നാലെ 'സ്ഥാപകരിൽ ഒന്നാമനും' പ്രകാശിതമായി. ഇപ്പോഴിതാ 'സ്ഥാപകയോഗി'യും.

ചാവറപ്പിതാവിന്റെ ജീവചരിത്രരചനയ്ക്കു് രേഖകൾ തേടി ബുദ്ധിമുട്ടേണ്ടിവന്നില്ല. മററു രണ്ടുപേരുടെയും ജീവചരിത്രവിവരങ്ങൾ കണ്ടുപിടിക്കുവാൻ പല ഗ്രന്ഥപ്പുരകളും പരിശോധിക്കേണ്ടിവന്നു. ചരിത്രാന്വേഷികളായ പല സഹൃദയരുടെയും സഹായവുംതേടി. പലരിൽനിന്നു കിട്ടിയ അറിവിന്റെ അസ്ഥിപഞ്ജരങ്ങൾ മാംസളമാക്കുന്ന ജോലിയേ ഞാൻ ചെയ്യേണ്ടിവന്നുള്ളു. അവയെല്ലാം അനിഷേധ്യങ്ങളായ ചരിത്രവസ്തുതകളാണെന്ന് ഉറപ്പിച്ചു പറയാനും ഭാവമില്ല. പുരാവൃത്തവും പാരമ്പര്യവും കുറെയൊക്കെ ചരിത്രകോടിയിൽപ്പെടുത്താതെ തരമില്ലല്ലൊ. ആ സാമാന്യനയമേ ഇവിടെയും ദീക്ഷിച്ചിട്ടുള്ളു.

വറുഗീസ് കാഞ്ഞിരത്തുങ്കൽ

കടുത്തുരുത്തി,
6–3–1981.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

# അവതരണക്കുറിപ്പ്

ശ്രീ. വറുഗീസ് കാഞ്ഞിരത്തുങ്കൽ പ്രകാശത്തിലൂടെ വിലപ്പെട്ട ഒരു സേവനമാണ് നിർവ്വഹിച്ചിരിക്കുന്നതു്. സി.എം.ഐ. സഭാസ്ഥാപകരിൽ ചാവറപ്പിതാവിനെപ്പററി ധാരാളംപേർ എഴുതിയിട്ടുണ്ടു്. ചെറുതും വലുതുമായ ഒട്ടേറെ ചാവറചരിത്രങ്ങൾ പ്രകാശിതമായിട്ടുമുണ്ടു്. പോരൂക്കരപ്പിതാവിൻെറയും പാലക്കൽ മല്പാനച്ചൻെറയും ജീവചരിത്രങ്ങൾ ഒന്നുപോലും കിട്ടാനില്ല. അവരുടെ ജീവചരിത്രങ്ങൾ ആരും അടുത്തകാലത്തു് പ്രസിദ്ധപ്പെടുത്താനും തയ്യാറാകുന്നില്ല. ഈ പരിതസ്ഥിതിയിലാണ് പോരൂക്കരപ്പിതാവിൻെറയും പാലക്കൽപ്പിതാവിൻെറയും ജീവചരിത്രം തയ്യാറാക്കാൻ ശ്രീ. കാഞ്ഞിരത്തുങ്കലിനോടു് ആവശ്യപ്പെട്ടതു്. വേണ്ടത്ര ഗവേഷണം നടത്തിയും ചരിത്രരേഖകൾ തേടിപ്പിടിച്ചും ചരിത്രരേഖകളുടെ അഭാവത്തിൽ പുരാവൃത്തങ്ങളെ ആശ്രയിച്ചും പ്രതീക്ഷിച്ചതിലേറെ തൃപ്തികരമായി അദ്ദേഹം ആ കൃത്യം നിർവ്വഹിച്ചുവെന്നു പ്രസ്താവിക്കുവാൻ അത്യന്തം സന്തോഷമുണ്ടു്. ശ്രീ. വറുഗീസിനെപ്പോലെ സഭാപിതാക്കന്മാർ മൂവരുടെയും ജീവചരിത്രങ്ങൾ രചിച്ചിട്ടുള്ള ചരിത്രകാരന്മാർ വേറെയുണ്ടെന്നു തോന്നുന്നില്ല. അതും അദ്ദേഹത്തിനുള്ള ഒരപൂർവ്വ ബഹുമതിയായി നിലകൊള്ളുന്നു. ഇതുവഴി, സി. എം. ഐ. സഭയോടുള്ള ശ്രീ. കാഞ്ഞിരത്തുങ്കലിൻെറ സാഹിത്യരചനാബന്ധം ഒന്നുകൂടി ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഈ പുസ്തകത്തിൻെറ ഉള്ളടക്കത്തിലെ ഒരാശയത്തെക്കുറിച്ചുകൂടി ഒരു വാക്കു്. പാലക്കൽമല്പാൻ, ചാവറ കുര്യാക്കോസ് എന്ന ബാലനിൽ ദൈവവിളി കണ്ടെത്തിയ മാർഗ്ഗം അത്യന്തം ശ്രദ്ധേയവും അനുസന്ധേയവു

CHRISTIAN MUSICOLOGICAL SOCIETY OF INDIA



മായിത്തോന്നുന്നു. മത്സരലേലംവിളിപോലെയുള്ള പത്രപ്പരസ്യങ്ങൾവഴി ദൈവവിളി കണ്ടെത്തുകയും ദൈവവിളി ക്യാമ്പുകൾവഴി തിരഞ്ഞെടുപ്പു നടത്തുകയും ചെയ്യുന്ന ഇന്നത്തെ സമ്പ്രദായത്തിനുപകരം വീടുകൾ സന്ദർശിച്ച് കൗടുംബിക സാഹചര്യങ്ങൾകൂടി മനസ്സിലാക്കി അതിൻെറ അടിസ്ഥാനത്തിൽ ദൈവവിളി സ്വീകരിക്കുന്നതായിരിക്കുകയില്ലേ, സമീചീനം? ചിന്തിക്കേണ്ടവർ ഇതിനേക്കുറിച്ചു ചിന്തിച്ചു വേണ്ടതു ചെയ്യുമെന്നു പ്രതീക്ഷിക്കട്ടെ.

ഗ്രന്ഥകാരനെ ഒരിക്കൽകൂടി അനുമോദിച്ചുകൊണ്ട്, ഈ ഗ്രന്ഥം സാഭിമാനം പ്രസാധനംചെയ്തുകൊള്ളുന്നു.

ഫാ. ഹൊർമ്മീസ് സി. പെരുമാലിൽ C.M.I.
ഡയ: പ്രകാശം പബ്ലിക്കേഷൻസ്

ആലപ്പുഴ,
13–3–1981.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

## ഒന്നു്

# ഇടവകപ്പള്ളി

പൗരാണികപ്രാമാണ്യംകൊണ്ടും സംപൂജ്യമായ ചരിത്രപാരമ്പര്യംനിമിത്തവും പ്രാചീന ശില്പകലാസംവിധാനവൈചിത്ര്യംമൂലവും ഭാരതീയ ക്രൈസ്തവദേവാലയങ്ങളിൽ പ്രാമുഖ്യമർഹിക്കുന്ന ഒരു മരിയൻ തീർത്ഥാലയമാണു് തെക്കൻ പള്ളിപ്പുറം ഫൊ: പള്ളി. ക്രിസ്ത്വബ്ദം ഒന്നാം ശതകത്തിൽതന്നെ ഈ ദേവാലയത്തിന്റെ പ്രാഗ്രൂപം സ്ഥാപിതമായിയെന്നാണു് പാരമ്പര്യവിശ്വാസം. മാർത്തോമ്മാശ്ലീഹാ കോക്കമംഗലത്തു സ്ഥാപിച്ചിരുന്നതെന്നു വിശ്വസിക്കപ്പെടുന്ന ഒരു പുരാതന സ്ളീവാ ഈ പള്ളിയുടെ തെക്കേ അൾത്താരയുടെ മുകളിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു. ഏതോ തടികൊണ്ടു തീർത്ത ഈ കുരിശിന്റെ കീഴററം കുറേ ഭാഗം, കാലപ്പഴക്കംകൊണ്ടോ എതിരാളികളുടെ കൈയേററംമൂലമോ നഷ്ടപ്പെട്ട രീതിയിലാണു് കാണപ്പെടുന്നതു്.

ഈ ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന മറെറാരു സംപൂജ്യപുരാവസ്തു പരിശുദ്ധ കന്യാമാതാവിന്റെ മനോഹരമായ ഒരു ചിത്രമാണു്. സുവിശേഷകാരനായ ചിത്രകാരനെന്നോ ചിത്രകാരനായ സുവിശേഷകനെന്നോ വിശേഷിപ്പിക്കപ്പെടുന്ന വി. ലൂക്കാസ് വരച്ചതാണു് ഈ മാതൃചിത്രമെന്നു് വിശ്വസിക്കപ്പെടുന്നു. മാതാവിന്റെ, വരച്ച ആറു ചിത്രങ്ങളും വരയ്ക്കാൻ ഒരുക്കിവെച്ച ഒരു ചിത്രപ്പലകയും ഒന്നിച്ചടുക്കിവെച്ചുകൊണ്ടു്, പോർട്ടുഗീസ് മിഷനറിമാർ കപ്പലിൽ കേരളത്തിലേയ്ക്കു തിരിച്ചുവെന്നും

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

# രണ്ട്

## ജന്മകുടുംബം

യേശുക്രിസ്തുവിൻെറ പന്ത്രണ്ട ശിഷ്യന്മാരിൽ ഒരുവനായ വി. തോമസ് ക്രിസ്തവബ്ദം 52—ൽ സുവിശേഷസന്ദേശവുമായി കേരളക്കരയിൽ വരുകയും തൻെറ ദൌത്യനിർവഹണത്തിൻെറ ഭാഗമായി കേരളത്തിൻെറ പുത്തൻ മതാത്മക ജീവിതത്തിൻെറ സപ്തനാഡീവ്യൂഹങ്ങളെപ്പോലെ സപ്തദേവാലയങ്ങൾ, അഥവാ. ആത്മപ്രബോധിതമായ ഏഴ ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തുവെന്നുള്ളതു് അവിതർക്കിതമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ചരിത്ര വസ്തുതയാണല്ലൊ. ഈ സമൂഹങ്ങളെല്ലാംതന്നെ, തത്തൽ പ്രദേശങ്ങളിലെ അഭിജാതകുലജാതരായ ഹൈന്ദവ സമൂഹങ്ങളിൽ നിന്നു് സ്വയം പ്രേരിതമായി പരിവത്തനം ചെയ്യപ്പെട്ടവയായിരുന്നുവെന്നും അനിഷേധ്യമായ ചരിത്രരേഖകളാൽ സ്ഥിരീകൃതമായിട്ടുണ്ടല്ലൊ. ഈ ഏഴ കേന്ദ്രങ്ങളിൽവച്ചേററവും ശക്തവും സംഘടിതവുമായ പ്രതിഷേധപ്രാതികൂല്യങ്ങളെ നേരിടേണ്ടിവന്ന സഭാസമൂഹം, വമ്പനായ വേമ്പനാടൻെറ പശ്ചിമതീരത്തുള്ള കരപ്പുറം പ്രദേശത്തെ കോക്കമംഗലം ഗ്രാമസമൂഹമായിരുന്നുവെന്നാണ് പറയപ്പെടുന്നതു്. ഈ ഗ്രാമത്തിലെ നിവാസികളായിരുന്ന സവണ്ണഹിന്ദുക്കൾ, തങ്ങളിൽനിന്നു വേർപെട്ടു് ക്രിസ്തുമാർഗ്ഗം സ്വീകരിച്ച സജാതീയരെ പൂർവ്വവിശ്വാസത്തിലേയ്ക്കു പുനരാനയിക്കുവാൻ നിരന്തരം ചതുരുപായങ്ങൾ പ്രയോഗിച്ചുകൊണ്ടിരുന്നു. അതെല്ലാം വിഫലമായെന്നു കണ്ടപ്പോൾ, അസഹിഷ്ണുക്കളായ പ്രതിയോഗികൾ, വൈരനിര്യാതനാർത്ഥം, പുതിയ സമൂഹത്തിൻെറ സ്ഥാപകചിഹ്നമായ സ്ളീവാ, രാജ്ജുരാമാനം പിഴുതെടുത്തു് വേമ്പ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മൂന്നു്

## ജനനവും ബാല്യവും

ബഹുശതാബ്ദ ദീർഘമായ പ്രശസ്ത ചരിത്രമുള്ള പാലയ്ക്കൽ കുടുംബം കാലാന്തരത്തിൽ, വികാസ വിഭജന പരിണാമങ്ങളിലൂടെ പള്ളിപ്പുറത്തും പ്രാന്ത പ്രദേങ്ങളിലുമായി, മംഗലത്തു്, പനയ്ക്കൽ, ശ്രാമ്പിക്കൽ, കൂട്ടുങ്കൽ, തുമ്പയിൽ എന്നിങ്ങനെ പല ശാഖോപശാഖകളായി പിരിഞ്ഞു.

പതിനെട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ, പള്ളിപ്പുറം വലിയപള്ളിയിൽനിന്നു വിളിപ്പാടകലെ കിഴക്കുമാറി, അങ്ങാടിയുടെ വടക്കുവശത്തു സ്ഥിതി ചെയ്തിരുന്ന പാലയ്ക്കൽ തറവാട്ടിൽ കാരണവസ്ഥാനീയനായിരുന്ന വക്കി എന്ന ഭാഗ്യശാലിക്കാണു് കുടുംബത്തിന്റെയും കുലത്തിന്റെയും നാമം ശാശ്വതീകരിച്ചു. മഹാഭാഗനായ തോമ്മാമല്പാന്റെ പിതാവാകുവാനുള്ള ഭാഗധേയം സിദ്ധിച്ചതു് നെല്ലും നീരുംനിറഞ്ഞ, കേരളത്തിലെ വെനീസെന്നു പ്രഖ്യാതമായ കുട്ടനാട്ടിൽപെട്ട ചമ്പക്കുളത്തു് പുത്തൻപുരയ്ക്കൽ കുടുംബാംഗമായ മറിയം എന്ന ഒരു സാദ്ധ്വീ രത്നത്തെയാണു് അദ്ദേഹം പാണിഗ്രഹണം ചെയ്തതു്. ആഭിജാത്യത്തിലും പൗരാണിക പ്രശസ്തിയിലും ധർമ്മനീതിനിഷ്ഠയിലും സമതുലിതമായ രണ്ടു കുടുംബങ്ങളുടെ ഒരു സമ്യക് സംയോജനം തന്നെയായിരുന്നു അതു്. കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ താമസമാക്കിയിരുന്ന, കാളാശ്ശേരി, മുക്കാട്ടു്, മീനപ്പള്ളി, മാമ്പ്ര, വള്ളവന്തറ, ചാവറ മുതലായ തായ്‌വഴികളെപ്പോലെ, പാലയൂരിൽനിന്നു കുറവിലങ്ങാട്ടു കുടിയേറിയ നാലില്ലക്കാരിൽ പ്രമുഖരായ പകലോമററം

Christian Musicological Society of India
www.TheCMSIndia.org

# നാല്

## പുതിയ മല്പാനും വലിയ ശിഷ്യനും

മല്പാനായ പാലയ്ക്കൽ തോമ്മാച്ചൻ, മുൻപതിവനുസരിച്ച് ഇളയമ്മയെ സന്ദർശിക്കാൻ കാളാശ്ശേരിൽ ചെന്നിരുന്ന ഒരവസരത്തിൽ, അവരുടെ ഒരു ബന്ധുഗൃഹമായ ചാവറ ഭവനത്തിലും ചെല്ലാനിടയായി. അവിടെവച്ച്, കുര്യാക്കോസ് എന്ന കോമളാകാരനായ ഒരു ബാലനെ കണ്ടുമുട്ടി. ആകൃതിയിലെന്നപോലെ തന്നെ പ്രകൃതിയിലും ആകർഷണീയനായിരുന്ന ആ ബാലനിൽ മല്പാനച്ചന്റെ ദൃഷ്ടിപതിഞ്ഞു. കൊച്ചുകുര്യാക്കോസിനെ തന്റെ സെമിനാരിയിലേയ്ക്കു വിട്ടുതരണമെന്ന് മല്പാൻ ആവശ്യപ്പെട്ടു. അരുമസന്താനമായിരുന്നെങ്കിലും, ഭക്തോത്തംസമായ അമ്മച്ചിക്കു വലിയ വിസമ്മതമില്ല. പക്ഷേ, കനിഷ്ഠപുത്രനായ കണ്ണിലുണ്ണിയെ വിട്ടുപിരിയാൻ പിതാവിനായിരുന്നു കൂടുതൽ വിമ്മിട്ടം. പതിനൊന്നുകാരനായ കുര്യാക്കോസിന്റെ കുരുന്നുമനസ്സ് ദൈവികശുശ്രൂഷയ്ക്കായി കൊതികൊള്ളുകയായിരുന്നു. കുട്ടിയുടെ പിതൃസഹോദരനും തോപ്പിലെ അമ്മാവനും (തോപ്പിൽ ഗീവറുഗീസച്ചന്റെ പിതാവ്.) കാളാശ്ശേരിലെ കാരണവരും കുട്ടിയുടെ ആഗ്രഹത്തിന് വിലങ്ങുതടിയാകരുതെന്ന് മാതാപിതാക്കന്മാരെ ഗുണദോഷിച്ചു. അതിൻഫലമായി അവരും ഒടുവിൽ സമ്മതംമൂളി. അങ്ങനെ ചാവറ കുര്യാക്കോസ്, വൈദികവിദ്യാഭ്യാസത്തിനായി പാലയ്ക്കൽ തോമ്മാമല്പാനോടൊന്നിച്ച്, പള്ളിപ്പുറം സെമ്മിനാരിയിലേക്കു വഞ്ചികയറുകയും ചെയ്തു.

യാദൃച്ഛികമെന്നു തോന്നാവുന്ന ഈ കൂടിക്കാഴ്ച പിൽക്കാലത്ത് ചരിത്രത്തിന്റെ താളുകളിൽ മായാത്ത

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## അഞ്ച്

# വലിയ പ്രസ്ഥാനത്തിന്റെ ചെറിയ തുടക്കം

നവവൈദികനായ കുര്യാക്കോസച്ചൻ സ്വന്തം ഇടവകയായ ചേന്നങ്കരി പള്ളിയിലും അമ്മയുടെ ഇടവകയായ പുളിങ്കുന്നു പള്ളിയിലും ഏകദേശം ഒരു മാസം താമസിച്ചശേഷം പള്ളിപ്പുറത്തേയ്ക്കുതന്നെ മടങ്ങി.

പള്ളിപ്പുറത്തു തിരിച്ചെത്തിയശേഷം, കൊച്ചച്ചൻ സെമിനാരി സംബന്ധമായ ജോലികളിൽ മല്പാനച്ചനെ സഹായിച്ചുകൊണ്ടു് ഒരു വർഷത്തോളം അവിടെ താമസിച്ചു.

ഈ കാലഘട്ടത്തിൽ, അർത്തുങ്കൽനിന്നു് ഓരോരോ കാര്യം സംബന്ധിച്ചുള്ള ആലോചനകൾക്കായി പോരൂക്കരയച്ചനും കൂടെക്കൂടെ പള്ളിപ്പുറത്തു വരാറുണ്ടായിരുന്നു. മെത്രാനച്ചനെ കാണുന്നതിനും സെക്രട്ടറിയച്ചനുമായി ആശയ വിനിമയം നടത്തുന്നതിനുംവേണ്ടി ചിലപ്പോൾ മല്പാനച്ചൻ അർത്തുങ്കലേയ്ക്കും പോയിരുന്നു. ജീവിത വിശുദ്ധിയിലും സുകൃതാനുഷ്ഠാനത്തിലും തപോനിഷ്ഠയിലും സമാനമായ ശിക്ഷ്ണത പുലർത്തിയിരുന്ന ഈ ത്രിമൂർത്തികളുടെ സാന്ദർഭികമായുള്ള സാമീപ്യ സമ്പർക്കങ്ങൾ, അവരുടെ മൂവരുടെയും മനോലതികയിൽ ഒരുപോലെ മൊട്ടിട്ടു നിന്നിരുന്ന സംന്യസ്ത ജീവിതാഭിവാഞ്ഛയ്ക്കു നിയതമായ ഒരു രൂപരേഖ നൽകുവാൻ പര്യാപ്തമായി. ഈശോസഭാപിതാക്കന്മാരായ ഇഗ്നേഷ്യസ് ലയോള, ഫ്രാൻസിസ് സേവ്യർ, ഫാ. ഫേബർ എന്നീ മഹാരഥന്മാരുടെ പാരീസ് സർവ്വകലാശാലാ സമാഗമത്തോടു്, കേരള കർമ്മലസഭാ സ്ഥാപ

Christian Musicological Society of India
www.TheCMSIndia.org

## ആറു്

# ആശ്രമവും സെമ്മിനാരിയും മാന്നാനത്തു്

മെത്രാനച്ചനു് നല്ല ശരീരസുഖമില്ലാതെ പള്ളിപ്പുറത്തുതന്നെ തങ്ങേണ്ടിവന്നു. പോരൂക്കരയച്ചനെ കണ്ടു് സംഗതികളുടെ പുരോഗതിയറിഞ്ഞു വരുവാനായി അദ്ദേഹം ചാവറയച്ചനെ അതിരമ്പുഴയ്ക്കു വിട്ടു. മഴക്കാലമായിരുന്നതിനാൽ വളരെ ക്ലേശങ്ങൾ സഹിച്ചാണു് അദ്ദേഹം അതിരമ്പുഴയിൽ ചെന്നുപററിയതു്. പോരൂക്കരയച്ചനിൽനിന്നു വിവരങ്ങൾ മനസ്സിലാക്കുകയും [illegible] തിരുതകൃതിയായി കാടുവെട്ടും പണികളും നടക്കുന്നതു നേരിൽ കാണുകയും ചെയ്തിട്ടു്, മെത്രാനച്ചനെ വിവരം ധരിപ്പിക്കാനായി അദ്ദേഹം പള്ളിപ്പുറത്തേക്കു മടങ്ങി.

ആയിടക്കു് അർത്തുങ്കൽ താമസിച്ചിട്ടു്, ശരീരസൗഖ്യക്കുറവു തോന്നുകയാൽ, സ്ലബിലീനി മെത്രാൻ സുഖവാസ സൗകര്യാർത്ഥം കുടമാളൂർ പള്ളിയിൽവന്നു താമസിക്കുകയായിരുന്നു. മെത്രാനച്ചന്റെ നിർദ്ദേശപ്രകാരം മാന്നാനം മലമുകളിൽ ഒരു കുരിശു സ്ഥാപിക്കപ്പെട്ടു. കുരിശിനോടു ചേർന്നു് ഒരു പന്തൽപ്പുരകെട്ടി മെത്രാനച്ചന്റെ അനുവാദത്തോടെ അവിടെ കുർബാന ചൊല്ലാൻ സൗകര്യപ്പെടുത്തണമെന്നായിരുന്നു പോരൂക്കരയച്ചന്റെ ആഗ്രഹം. നിത്യവും രാവിലെ അതിരമ്പുഴപള്ളിയിൽചെന്നു കുർബാന ചൊല്ലിയിട്ടു്, തിരിച്ചു മാന്നാനത്തുവന്നു പണികൾ നടത്തിക്കൊണ്ടു പോകുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൊണ്ടാണു്, ഒരു കുർബാനപ്പുരയ്ക്കുവേണ്ടി അദ്ദേഹം തിടുക്കം കൂട്ടിയതു്. പക്ഷേ, ഈ വിവരം മെത്രാനച്ചനെ നേരിട്ടു ബോധിപ്പിക്കുവാൻ അദ്ദേഹം തുനിഞ്ഞില്ല. മെത്രാന

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഏഴ്

# വിടവാങ്ങൽ; സെമ്മിനാരിയോടും ജീവിതത്തോടും

പ്രാരംഭഘട്ടത്തിൽ മാന്നാനത്തെ സന്യാസസമൂഹത്തിന്റെ ശ്രേഷ്ഠനും സെമ്മിനാരിയുടെ പ്രഥമമല്പാനും പാലയ്ക്കൽ തോമ്മാച്ചനായിരുന്നു. മല്പാനച്ചന്റെ ആരോഗ്യം ക്ഷയോന്മുഖമായിരുന്നെങ്കിലും, അദ്ദേഹം ഇടയ്ക്കിടയ്ക്ക് മാന്നാനത്തുവന്നു താമസിച്ച് ആവശ്യമായ നിർദ്ദേശങ്ങളും നേതൃത്വവും നൽകിയിരുന്നു.

ക്രമേണ മല്പാനച്ചന് അർശോരോഗം വർദ്ധിച്ചു വരികയാൽ മാന്നാനത്തുവരാൻ ബുദ്ധിമുട്ടായി. മാന്നാനത്തെ ശീതക്കാററും അദ്ദേഹത്തിന്റെ ശാരീരികസ്ഥിതിക്കു പററാത്തതായി. ഈ സാഹചര്യത്തിൽ അദ്ദേഹം പള്ളിപ്പുറത്തുതന്നെ താമസിച്ചുകൊണ്ട് കാര്യങ്ങളുടെ മേൽവിചാരം മാത്രം നടത്തുവാൻ നിർബന്ധിതനായി. മാന്നാനം സെമ്മിനാരിയുടെ നിയാമകകർത്തൃത്വം ചാവറയച്ചനിലും അർപ്പിതമായി. പള്ളിപ്പുറം സെമ്മിനാരി മാന്നാനത്തിന്റെ ഒരു ശാഖയെന്ന നിലയിൽ കുറേക്കാലംകൂടി തുടർന്നുകൊണ്ടിരുന്നു.

## മല്പാനച്ചനു നീരസമുണ്ടായോ?

മല്പാനച്ചന്റെ അസാന്നിധ്യത്തിൽ മാന്നാനം സെമ്മിനാരിയിൽ ഒരു വിഭജനം നടന്നു. സംന്യാസാർത്ഥികളായ വൈദിക വിദ്യാർത്ഥികൾക്ക് സംന്യാസോചിതമായ പ്രത്യേക ജീവിതപരിശീലനം നൽകുന്നതിനായി അവരെ രണ്ടാംനിലയിൽ താമസിപ്പിച്ചു. മററു വൈദിക വിദ്യാർത്ഥികളുടെ താമസം താഴത്തെ

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS